പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4586 — 18.05. 2017 ൽ മറുപടിക്ക്

## കെ എസ് ഇ ബി യിൽ നിലവിലുള്ള ഒഴിവുകൾ

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ തസ്തികകളുടെയും ഒഴിവുകൾ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്ന ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ നിർദ്ദേശം കെ.എസ്. ഇ.ബി. ക്ക് ബാധകമല്ലേ; | (എ) ബാധകമാണ്. |
| (ബി) 18.10.2016 ലെ നക്ഷത്ര-ചിഹ്നമിടാത്ത ചോദ്യം നമ്പർ 3134 ന് നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർതസ്തികയിൽ 428 ഒഴിവുകളുണ്ടെന്ന് അറിയിച്ച് ആറുമാസം കഴിഞ്ഞിട്ടും ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വെളി-പ്പെടുത്തുമോ ? | (ബി) വൈദ്യുതി ബോർഡിൽ നടന്നിട്ടുള്ള കമ്പ്യൂട്ടർ വൽക്കരണം പി.ഡി.എ.നടപ്പാക്കൽ തുടങ്ങിയ ആധുനിക വൽക്കരണ നടപടികളുടെ ഭാഗമായി വിവിധ തരം തസ്തികകളുടെ ജോലിഭാരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇതനുസരിച്ച് തസ്തികകളുടെ എണ്ണം പുന:ക്രമീകരിക്കേണ്ടതുണ്ട്. ഈ നടപടികളുടെ ഭാഗമായി മാത്രമേ ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികകളിൽ നിയമനം നടത്തേണ്ടതുണ്ടോ എന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആധുനിക വൽക്കരണ നടപടികൾ നടക്കുന്നതിന് മുമ്പ് അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ കണക്കനുസരിച്ചുള്ള മറുപടിയാണ് 18-10-2016 ന് നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച കാരണങ്ങളാലാണ് മുമ്പ് നൽകിയ മറുപടിയനുസരിച്ചുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാഞ്ഞത്. |

സെക്ഷൻ ഓഫീസർ